# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 244 — 11/12/2014 -ൽ മറുപടിക്ക്

## വിദ്യാലയങ്ങളിലെ മലയാള ഭാഷാ പഠനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ഡി.സതീശൻ, എം.എൽ.എ<br>ശ്രീ.പി.സി.വിഷ്ണുനാഥ്,എം.എൽ.എ<br>ശ്രീ.കെ.മുരളീധരൻ,എം.എൽ.എ | ശ്രീ. പി.കെ.അബ്ദു റബ്ബ്<br>(ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) വിദ്യാലയങ്ങളിൽ മലയാളഭാഷാപഠനം നിർബന്ധമാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ഈ ഉത്തരവ് സംബന്ധിച്ച വിശദാംശം നൽകാമോ ; | (എ) 01.09.2011 -ലെ സ.ഉ(പി) നം.183/ 2011/പൊ.വി. പ്രകാരം സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും മലയാള ഭാഷാ പഠനം നിർബന്ധമാക്കിയിട്ടുണ്ട്. |
| (ബി) മലയാളം മാതൃഭാഷയല്ലാത്ത വിദ്യാർത്ഥികൾക്ക് മലയാളഭാഷ പഠിക്കുവാൻ എന്തെല്ലാം സൗകര്യങ്ങളാണ് വിദ്യാലയങ്ങളിൽ ഒരുക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ; | (ബി) മേൽ ഉത്തരവ് പ്രകാരം കന്നട, തമിഴ് ഗുജറാത്തി എന്നിവ മാതൃഭാഷയായുള്ള കുട്ടികൾക്ക് അവരുടെ മാതൃഭാഷ ഒന്നാം ഭാഷയായി തന്നെ പഠിക്കുവാൻ നിലവിലുള്ള സംവിധാനം തുടരുന്നതാണ്. എന്നാൽ അവർക്ക് നിലവിലുള്ള ഭാഷയ്ക്ക് പുറമെ മലയാളം കൂടി പഠിക്കുവാൻ സാഹചര്യം ഉണ്ട്. ഹയർ സെക്കന്ററി തലത്തിൽ രണ്ടാം ഭാഷ വിദ്യാർത്ഥികൾക്ക് സ്വമേധയാ തെരഞ്ഞെടുക്കാവുന്ന തരത്തിലാണ് പാഠ്യപദ്ധതി വിഭാവനം ചെയ്ത് നടപ്പിലാക്കുന്നത്. മലയാളം മാതൃഭാഷ യല്ലാത്ത വിദ്യാർത്ഥികൾക്ക് താൽപര്യമുള്ള പക്ഷം മലയാളം രണ്ടാം ഭാഷയായി തെരഞ്ഞെടുക്കാവുന്നതാണ്. |

| | |
|---|---|
| (സി) ഇതിനായി സ്കൂളുകളിലെ പീരിയഡുകളിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തിയിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ? | (സി) മലയാളം പാർട്ട് - 2 പാഠാവലി പഠിക്കുന്നതിന് ആഴ്ചയിൽ രണ്ടിന് പകരം മൂന്ന് പിരീയഡുകൾ നീക്കി വയ്ക്കുന്നതിനും ഇതിനായി ചൊവ്വാഴ്ച ദിവസം ടൈം ടേബിൾ 8 പിരീയഡായി പുന:ക്രമീകരിച്ച് ഒരു അധിക പിരീഡ് കണ്ടെത്തുവാനും അന്നേ ദിവസം ഉച്ചവരെ 40 മിനുട്ടിന്റെ 4 പിരീയഡുകളും ഉച്ചയ്ക്കുശേഷം 35 മിനുട്ടിന്റെ 4 പിരീയഡുകളുമായി പഠനസമയം പുന:ക്രമീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്